"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ E-Occupancy യിൽപ്പെടുന്ന 4 നിലകളിലുള്ള 2631.77 m2 വിസ്തീർണ്ണമുള്ള ഓഫിസ് കെട്ടിട നിർമാണത്തിനായി അംഗീകൃത DTP Scheme for Museum-Kowdiar avenue - ന്റെ Zoning regulations നിന്നും Modification/dispensation അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.128/2023/LSGD തീയതി,തിരുവനന്തപുരം, 14-06-2023

---

പരാമർശം:-

1. 29.09.15- ലെ സ.ഉ.(കൈ) നം.306/2015/എൽ.എസ്.ജി.ഡി.
2. 08/02/2016-ലെ 304282/ആർ.ഡി2/15 സർക്കുലർ
3. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് സമർപ്പിച്ച Form A യിലുള്ള അപേക്ഷ.
4. ചീഫ് ടൗൺ പ്ലാനറുടെ 03/09/2018, 11/04/2019 എന്നീ തീയതികളിലെ ഡി3/6915/2018 നമ്പർ കത്തുകൾ.
5. 15/05/2023 തീയതിയിലെ ആർ.ഡി.2/161/2022/എൽ.എസ്.ജി.ഡി. നമ്പർ സർക്കുലർ.

**ഉത്തരവ്**

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ E-Occupancy യിൽപ്പെടുന്ന 4 നിലകളിലുള്ള 2631.77 $m^2$ വിസ്തീർണ്ണമുള്ള ഓഫിസ് കെട്ടിട നിർമാണത്തിന്, അംഗീകൃത DTP Scheme for Museum-Kowdiar avenue -ന്റെ Zoning regulations നിന്നും പരാമർശം (1) പ്രകാരം Dispensation/Modification ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു.

(2) സ്കീമിൽ വിഭാവനം ചെയ്തിട്ടുള്ള റോഡ് വികസനത്തെ ടി നിർമ്മാണം ബാധിക്കുന്നില്ലെന്നും കൂടാതെ സ്ഥല പരിശോധനയിൽ നിർമ്മാണ സ്ഥലത്തിന്റെ പരിസരത്ത് ഓഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ വികസിച്ചതായി കാണുന്നതിനാലും, ടി നിർമ്മാണം കേരള സർക്കാരിന്റെ കീഴിൽ വരുന്ന കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടേതായതിനാലും Detailed Town Planning Scheme for Museum – Kowdiar

avenue Scheme-ന്റെ "Park & Open Space Zone, Coverage limited to 15%, Height of building limited to 7 meter" എന്നീ സ്കീം Provisions-ൽ നിന്നും Dispense/Modify ചെയ്യുവാൻ പരാമർശം (4) പ്രകാരം ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്തിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാനമെന്ന പ്രത്യേക പരിഗണനയിൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ E-Occupancy യിൽപ്പെടുന്ന 4 നിലകളിലുള്ള 2631.77 m$^2$ വിസ്തീർണ്ണമുള്ള ഓഫിസ് കെട്ടിട നിർമാണത്തിനായി, പരാമർശം (2) സർക്കുലർ പ്രകാരം, അംഗീകൃത DTP Scheme for Museum-Kowdiar avenue - ന്റെ Zoning regulations നിന്നും, താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി dispensation അനുവദിച്ച് ഉത്തരവാകുന്നു.

1. പ്രസ്തുത നിർമ്മാണം കേരള മുനിസിപ്പാലിറ്റി ബിൽഡിംങ് റൂളിനും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. സർക്കാരിന്റെ 18/2/2016-ലെ 304282/ആർ.ഡി2/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പെർമിറ്റ് ഫീയുടെ പത്തിരട്ടി Dispensation/Modification അപേക്ഷയിന്മേൽ Scrutiny Fee ആയി പരാമർശം (5) സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന '0217-60-800-89 Application/Scrutiny fee for Layout approval and Usage of Plot/Concurrence' എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രഞ്ജൻ രാജ് ആർ പി
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ ടൗൺ പ്ലാനർ, തിരുവനന്തപുരം
4. സെക്രട്ടറി തിരുവനന്തപുരം നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.,
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Reenamma P A
സെക്ഷൻ ഓഫീസർ
Date: 16-06-2023 14:07:22